**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1050** **06-02-2023 - ൽ മറുപടിയ്ക്ക്**

**തൃപ്രയാർ-കാഞ്ഞാണി-ചാവക്കാട് റോഡ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മുരളി പെരുനെല്ലി | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | തൃപ്രയാർ-കാഞ്ഞാണി-ചാവക്കാട് റോഡിൽ ഏനാമാവ് റെഗുലേറ്ററുമായി ബന്ധപ്പെട്ട് ഇറിഗേഷൻ വകുപ്പിന്റെ ആസ്തിയിൽപ്പെട്ട ഒരു കിലോമീറ്ററോളം വരുന്ന അപ്രോച്ച് റോഡ് ടാറിംഗ് ചെയ്യുന്നതിന് പൊതുമരാമത്ത് വകുപ്പ് സമ്മതപത്രം ആവശ്യപ്പെട്ടിരുന്നോയെന്ന് അറിയിക്കാമോ; | (എ) | തൃപ്രയാർ-കാഞ്ഞാണി ചാവക്കാട് റോഡിൽ ഏനാമാവ് റെഗുലേറ്ററുമായി ബന്ധപ്പെട്ട് ഇറിഗേഷൻ വകുപ്പിന്റെ ആസ്തിയിൽപ്പെട്ട 780 മീറ്റർ നീളം വരുന്ന അപ്രോച്ച് റോഡ് BM & BC ചെയ്യുന്നതിനായി പൊതുമരാമത്ത് വകുപ്പ് സമ്മതപത്രം ആവശ്യപ്പെട്ടുകൊണ്ട്, ഇറിഗേഷൻ ഡിവിഷൻ, തൃശ്ശൂർ, എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് കത്ത് നൽകിയിരുന്നു. |
| (ബി) | എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടി വ്യക്തമാക്കാമോ; | (ബി) | പൊതുമരാമത്ത് വകുപ്പിന് പ്രസ്തുത പ്രവൃത്തി ചെയ്യുന്നതിന് 22/04/2022 തിയ്യതിയിലെ ജി1-2450/2022/ എൻ.ഒ.സി നമ്പർ ഉത്തരവ് പ്രകാരം തൃശ്ശൂർ, ഇറിഗേഷൻ സെൻട്രൽ സർക്കിൾ, സൂപ്രണ്ടിംഗ് എഞ്ചിനീയർ നിബന്ധനകളോടുകൂടി എൻ.ഒ.സി അനുവദിച്ച് ഉത്തരവായിട്ടുള്ളതാണ്. എന്നാൽ പ്രസ്തുത പ്രവൃത്തി ചെയ്യുമ്പോൾ ഏനാമാക്കൽ റെഗുലേറ്ററിന്റെ സ്ട്രക്ച്ചറിൽ കേടുപാടുകൾ സംഭവിക്കുവാൻ പാടുള്ളതല്ല എന്ന എൻ.ഒ.സി അനുവദിച്ച് ഉത്തരവിലെ 4-ാമത്തെ നിബന്ധന പാലിച്ചുകൊണ്ട് ടി പ്രവൃത്തി ചെയ്യുവാൻ സാധിക്കുകയില്ല എന്ന് കാണിച്ചുകൊണ്ട് പൊതുമരാമത്ത് വകുപ്പ് 01/06/2022 തീയ്യതിയിൽ കത്ത് നൽകുകയാണുണ്ടായത്. ഇതിനെ തുടർന്ന് ഈ നിബന്ധന ഒഴിവാക്കി പ്രവൃത്തി ചെയ്യുന്നതിന് പൊതുമരാമത്ത് വകുപ്പിന് 22/09/2022 ന് വീണ്ടും എൻ.ഒ.സി നൽകിയിട്ടുള്ളതാണ്. എന്നാൽ നിലവിൽ, റോഡിന്റെ അവസ്ഥ കൂടുതൽ ശോചനീയമായിട്ടുള്ളതിനാൽ നേരത്തെ അംഗീകരിച്ച എസ്റ്റിമേറ്റിൽ ഉൾപ്പെട്ടിട്ടുള്ള ഇനങ്ങൾ പോലും പൊതുമരാമത്ത് വകുപ്പിന് പൂർത്തീകരിക്കാൻ പറ്റാത്ത അവസ്ഥയാണെന്നും ആയതിനാൽ പ്രസ്തുത പ്രവൃത്തിയിൽ ഇറിഗേഷൻ റോഡ് ഉൾപ്പെടുത്താൻ നിർവ്വാഹമില്ലായെന്നും കാണിച്ച് പൊതുമരാമത്ത് വകുപ്പ് നിരത്ത് വിഭാഗം അസിസ്റ്റന്റ് |

| | | | |
|---|---|---|---|
| | | | എക്സിക്യൂട്ടീവ് എഞ്ചിനീയർ 18/11/2022 തീയതിയിലെ കത്ത് പ്രകാരം അസിസ്റ്റന്റ് ഡിവിഷൻ, തൃശ്ശൂരിനെ എക്സിക്യൂട്ടീവ് എഞ്ചിനിയർ, ഇറിഗേഷൻ അറിയിച്ചിട്ടുള്ളതാണ്. |
| (സി) | പ്രസ്തുത അപ്രോച്ച് റോഡ് അഭിവൃദ്ധിപ്പെടുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ? | (സി) | 27/08/2022 ൽ ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ കൂടിയ ജില്ലാ വികസന സമിതി യോഗ നിർദ്ദേശ പ്രകാരം പ്രസ്തുത ഭാഗം റീടാറിംഗ് ചെയ്യുന്നതിനു Emergency work for Enamakkal regulator road for the year 2022-23 എന്ന പ്രവൃത്തിക്ക് 37.7 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി, ഫണ്ടിന്റെ അഭാവം നിമിത്തം, 15.11.2022 ലെ കത്ത് മുഖേന സർക്കാരിൽ അംഗീകാരത്തിനായി ലഭ്യമാക്കി. ടി ഫണ്ടിനായി തൃശ്ശൂർ ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ, തൃശ്ശൂർ ജില്ലാ കളക്ടർക്കും, ബഹു. തൃശ്ശൂർ പാർലമെന്റംഗത്തിനും അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. കൂടാതെ ഈ പ്രവൃത്തിയുടെ approved estimate തയ്യാറാക്കിവരികയാണ്. |

സെക്ഷൻ ഓഫീസർ